# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.474 | 29.06.2011-ൽ മറുപടിയ്ക്ക് |
|---|---|

### കീട നാശിനി കലർന്ന ഭക്ഷ്യ വസ്തുക്കൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. വി. പി. സജീന്ദ്രൻ | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) | കേരളത്തിലേക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തു വരുന്ന വിവിധയിനം പച്ചക്കറികൾ, ഫലവർഗ്ഗങ്ങൾ എന്നിവയുടെ ഉൽപാദനത്തിൽ അനിയന്ത്രിതമായി എൻഡോസൾഫാൻ ഉൾപ്പെടെയുള്ള കീടനാശിനികൾ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | കേരള സംസ്ഥാനത്ത് 2009-10 സാമ്പത്തിക വർഷത്തിൽ 154 പഴം, പച്ചക്കറി, സാമ്പിളുകളും 2010 -11 സാമ്പത്തിക വർഷത്തിൽ 341 പഴം പച്ചക്കറി സാമ്പിളുകളിലും പരിശോധന നടത്തുകയുണ്ടായി. എന്നാൽ ഇവയിൽ ഒരു സാമ്പിളുകളും അനിയന്ത്രിതമായി എൻഡോസൾഫാൻ ഉൾപ്പെടെയുള്ള കീടനാശിനികളുടെ സാന്നിധ്യം കണ്ടെത്തിയിട്ടില്ല. |
| ബി) | ഇവ പതിവായി കഴിക്കുന്നതിനാൽ ഉണ്ടാകാനിടയുള്ള ആരോഗ്യ പ്രശ്നം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | ഇതു കാരണം ഉപഭോക്തൃ സംസ്ഥാനമായ നമ്മുടെ നാട്ടിലെജനങ്ങളുടെ ആരോഗ്യ സ്ഥിതി തകരാതിരിക്കുവാൻ എന്തുനടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | സി) | പി.എഫ്.എ ആക്ട് 1954 ന് പകരമായി രാജ്യമൊട്ടാകെ ഉടൻ തന്നെനടപ്പാക്കാൻ നിശ്ചയിച്ചിരിക്കുന്ന ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006 കേരളത്തിലും നടപ്പാക്കുന്നതിന്റെ ഭാഗമായി ആ തരത്തിൽ ഫലപ്രദമായിനടപടി സ്വീകരിക്കുവാൻകഴിയും. ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ടിൽ ബോധവൽക്കരണത്തിന് വൻ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. ടി ആക്ട് നടപ്പാക്കുന്ന മുറയ്ക്ക് പഞ്ചായത്ത് തലം മുതൽക്ക് തന്നെ പൊതുജനങ്ങൾ ഉൾപ്പെടെ ഈ വിഷയത്തിൽ |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട എല്ലാവർക്കും തന്നെ ബോധവൽക്കരണം നടത്തുന്നതിനും തുടർന്ന് കർശനമായ നിയന്ത്രണങ്ങളുള്ള നിയമത്തിൽ തന്നെ നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ